ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ട്.

(ബി) അവരിൽ ൨൭ പേർക്ക് സാനിട്ടറി സർക്കിൾ ആഫീസറന്മാരായി ഉദ്യോഗക്കയറ്റം കൊടുത്തിട്ടുണ്ട്. ലിസ്റ്റിലെ ൨൭–ാമത്തെ പേരുകാരന്റെ ഉദ്യോഗം രാജിവയ്ക്കയാണുണ്ടായത്.

(സി) ഒഴിവുകൾ ഉണ്ടായിട്ടുള്ളപ്പോൾ ബാക്കിയുള്ള ഒൻപതുപേർക്ക് പ്രമോഷൻ കൊടുത്തിട്ടുണ്ട്. എന്നാൽ ഒഴിവുകൾ തീർന്നതോടെ അവരെ Revert ചെയ്യുകയുണ്ടായി.

(ഡി) ഉണ്ട്. ട്രൻസ്ഫർ-ൽ ഗവൺമെണ്ടു് അംഗീകരിച്ച ലീസ്റ്റിൽ ചേർക്കാതിരുന്നതും എന്നാൽ ചേർക്കേണ്ടതാണെന്നു ബോധ്യം വന്നതുമായ അഞ്ചു പേരുടെ പേരുകൾ 'Rank' അനുസരിച്ചു് ലിസ്റ്റിൽ ചേർക്കുന്നതിനു് ഉത്തരവുണ്ടായിട്ടുണ്ട്.

ഡീലിമിറ്റേഷൻ കമ്മിറ്റി

*൨൪. (൫൦) ശ്രീമതി ദേവകി ഗോപിദാസ്: താഴെപറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഡീലിമിറ്റേഷൻ കമ്മിറ്റിക്കു ഗവൺമെണ്ടിൽനിന്നും എന്തെങ്കിലും നിർദ്ദേശം കൊടുത്തിട്ടുണ്ടോ;

(ബി) ആ നിർദ്ദേശമനുസരിച്ചു് കമ്മറ്റി പ്രവർത്തിച്ചോ;

(സി) ഡിലിമിറ്റേഷൻ കമ്മറ്റിയെ നിയമിച്ചതുസംബന്ധിച്ചു് നാളിതുവരെ ഗവൺമെണ്ടിനു എത്ര ചിലവായിട്ടുണ്ടു്;

(ഡി) ഈ കമ്മിറ്റി ഇപ്പോൾ നിലവിലുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ട്.

(ബി) നിവൃത്തിയുള്ളിടത്തോളം പ്രവർത്തിച്ചു.

(സി) ൫,൦൦൦ രൂപാ.

(ഡി) ഇപ്പോൾ നിലവിലില്ല.

ഉദ്യോഗസ്ഥന്മാർക്കു് നഗരബത്ത

*൨൫. (൬൭) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹു. ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂറിലെ ഉദ്യോഗസ്ഥന്മാർക്കു് നഗരബത്ത എന്ന പേരിൽ അലവൻസ് അനുവദിച്ചിട്ടുണ്ടോ;

(ബി) തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിൽ എതെങ്കിലും സ്ഥലത്തു് നഗരബത്ത കൊടുത്തിട്ടുണ്ടോ;

(സി) അതു് ഏതു തത്വത്തെ അടിസ്ഥാനമാക്കി കൊടുക്കുന്നു എന്നു പറയാമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഇല്ല.

(ബി) ഉണ്ടു്. താഴെ പറയുന്ന നഗരങ്ങളിൽ, ട്രൻസ്ഫർ-ൽ ജൂലായി മാസം തീയതിയിൽ നഗരബത്ത വാങ്ങിക്കൊണ്ടിരുന്ന മുൻകൊച്ചി ഉദ്യോഗസ്ഥന്മാർക്കു താല്ക്കാലികമായിട്ടു അനുവദിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly